# INDIAN SCHOOL SALALAH

## SECOND TERM EXAMINATION – FEBRUARY – MARCH 2023

**Class : 8** **SUBJECT:MALAYALAM) (-SECOND LANGUAGE)**

**Time: 3hrs** **Maximum Marks:80**

---

**S1**

**INSTRUCTIONS**

1. ***ALL THE QUESTIONS ARE COMPULSSORY***
2. ***THIS QUESTION PAPER CONTAINS 4 PAGES***
3. ***THIS QUESTION PAPER CONTAINS TWO SECTIONS-***
4. ***SECTION A - LITERATURE***
5. ***SECTION B- READING AND WRITING***

**SECTION-A**

A. **ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.(1-10)** **10**

1. പാഹോൻറെ ദുരന്തം കണ്ട് നെടുവീർപ്പിട്ടതാര് ?
   ( പരിചാരകൻ, ഗ്രാമത്തലവൻ, ദല്ലാൾ )
2. ജ്ഞാനപ്പാന എന്ന കാവ്യം എഴുതിയ കവി ?
   ( പൂന്താലം, പൂന്താനം, പുത്താലം )
3. കൊമ്പനാനകൾ നടക്കുന്നത് ആനക്കൂട്ടത്തിൽ എവിടെ ആയിരിക്കും ?
   ( മുന്നിൽ, നടുവിൽ, പിന്നിൽ )
4. ആദ്യമായി മനുഷ്യൻ തീ ഉപയോഗിച്ചത് എന്ന് ?
   ( നാലു സഹസ്രാബ്ദംമുമ്പ്, നാല്പതു സഹസ്രാബ്ദംമുമ്പ്, നാനൂറ് സഹസ്രാബ്ദംമുമ്പ് )
5. കന്നിക്കൊയ്ത്ത് ആരുടെ കാവ്യമാണ് ?
   ( ഉള്ളൂർ , ഒ.എൻ.വി, വൈലോപ്പിള്ളി )
6. അഗ്നിപരീക്ഷയ്ക്കു പേരുകേട്ട സ്ഥലം ഏത് ?

   ( ശുചീന്ദ്രം, അമ്പലപ്പുഴ, തിരുവനന്തപുരം )
7. ഖാണ്ഡവ വനം ഭക്ഷിച്ചതാര് ?
   ( നളൻ, അഗ്നി, ഇന്ദ്രൻ )
8. സേവകരായി നിൽക്കുന്നതെവിടെയാണ് ?
   (വീടുകളിൽ, കോലകങ്ങളിൽ, തെരുവുകളിൽ )
9. കേരളത്തിലെ ആനപിടുത്തകേന്ദ്രം എവിടെയാണ് ?
   ( തേക്കടി, കോടനാട്, അങ്കമാലി )

**[PTO]**

10. "എൻറെ പക്കൽ ആയിരം പൊൻപണമുണ്ട്-" ആരുടെ വാക്കുകളാണി ഇത്?
( ആദിവാസിയുടെ, ദല്ലാളിൻറെ, പാഹോൻറെ )

**B. രണ്ടു പര്യായം വീതം എഴുതുക.** 6

1. ശത്രു 2. ഓർമ്മ 3. ഭൂമി 4. അഗ്നി

5. സ്വർണ്ണം 6. ഗുഹ

**C. വിപരീത പദം എഴുതുക.** 6

1. പ്രാചീനം 2. വന്ദിതർ 3. പ്രഭാതം

4. വളരുക 5. സഫലം 6. പിശുക്ക്

**D. നാനാർത്ഥം എഴുതുക.** 6

1. വൃത്തി 2. ചൂട് 3. ധനം 4. വിദ്യ

5. മോഹം 6. വേദം

**E. അർത്ഥവ്യത്യാസം എഴുതുക.** 5

1. പണം -- പിണം 2. സ്വഭാവം --- അഭാവം

3. അർത്ഥം --- അർദ്ധം 4.. വൃത്തി -- വൃദ്ധി

5. വിഹാരം-- വികാരം

**F. പിരിച്ചെഴുതുക** 7

1. പുനരച്ഛൻ 2. എണ്ണിയെണ്ണി 3. നേരത്തും

4. തീക്കുണ്ഡത്തെ 5. കൈപ്പുണ്യം 6. നിസ്സംശയം

7. വസ്ത്രങ്ങൾ

**G. വിഗ്രഹിക്കുക** 7

1. പുകപടലം 2. വൃക്ഷത്തലപ്പ് 3. കാട്ടുമൃഗം 4. ഇടിമിന്നൽ

5. കാട്ടുതീ 6. മദമത്സരങ്ങൾ 7 . പഞ്ചവാദ്യം

**H. എതിർലിംഗം എഴുതുക.** 3

1. മൃഗം 2. സമർത്ഥൻ 3. പ്രഭു

**I . ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക.** 10

1. എന്തുണ്ടായാലാണ് മനുഷ്യമനസ്സിന് ഒരിക്കലും തൃപ്തിവരാത്തത്.?
2. ഗ്രാമത്തലവൻ പാഹോനെ എങ്ങോട്ടാണു കൊണ്ടുപോയത് ?

3. പാഹോനെ സംസ്കരിക്കാൻ എത്ര സ്ഥലം വേണ്ടിവന്നു ?
4. കച്ചവാങ്ങാനുള്ള കാശു നൽകിയതാര് ?
5. ആനയുടെ ശത്രുക്കൾ ആരെല്ലാം ?
6. ധനത്തെപ്പറ്റിയുള്ള മനുഷ്യൻറെ ആഗ്രഹമെന്ത് ?
7. തീയുണ്ടാക്കാൻ വേണ്ട മൂന്നു കാര്യങ്ങൾ എന്തെല്ലാം ?
8. മൂത്തകരക്കാരൻ പെണ്ണിനോട് എന്നതാണു ചൊല്ലിയത് ?
9. ഏതൊക്കെ പുസ്തകങ്ങളാണ് പെട്ടിപ്പുറത്ത് ഇരിപ്പുണ്ടായിരുന്നത്?
10. മുത്തച്ഛൻ അരിമണി മുറ്റത്തു വിതറുന്നത് ആർക്കാണ്?

**J . മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക. 6**

1. ആദിവാസിയുടെ സംസാരം കേട്ടപ്പോൾ പാഹോൻറെ മനസ്സിൽ ഉദിച്ച മോഹങ്ങൾ എന്തെല്ലാം .?
2. മനുഷ്യരിൽ ചിലർജീവിതത്തിൽ എന്തെല്ലാം മോശമായ കാര്യങ്ങളാണ് ചെയ്തു കൂട്ടുന്നത് ?
3. അഗ്നിയുടെ ലീലാവിലാസങ്ങളായി പറയപ്പെടുന്നതെന്തെല്ലാം ?
4. തീയുണ്ടാക്കാൻ ഉപയോഗിച്ചിരുന്ന പ്രാചീന രീതികൾ എന്തെല്ലാം?

## SECTION-B

**A. താഴെകൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ചശേഷം ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

**“കേരളത്തിൽ ജീവിച്ചിരുന്ന ഭക്തകവി പ്രമുഖന്മാരിലൊരാളായിരുന്നു പൂന്താനം നമ്പൂതിരി..അദ്ദേഹം ഇല്ലപ്പേരിൽ അറിയപ്പെട്ടിരുന്നതു കൊണ്ടുതന്നെ യഥാർത്ഥപേര് വ്യക്തമല്ല. പൂന്താനം ജനിച്ചതും ജീവിച്ചതും മദ്ധ്യകേരളത്തിലെ പഴയ വള്ളുവനാട് താലൂക്കിൽ നെന്മേനി അംശത്തിൽ പൂന്താനം എന്ന ഇല്ലത്ത് ആയിരുന്നു എന്നു വിശ്വസിക്കപ്പെടുന്നു. ക്രിസ്തു വർഷം 1547 മുതൽ 1640 വരെയായിരുന്നു പൂന്താനത്തിൻറെ ജീവിതകാലം എന്ന് സാമാന്യമായി നിർണ്ണയിച്ചിട്ടുണ്ട്. ദീർഘനാൾ നീണ്ടു നിന്ന മക്കളില്ലായ്മയുടെ ദുഃഖത്തിനൊടുവിൽ ഒരു കുഞ്ഞു പിറന്നപ്പോൾ ഇല്ലത്ത് സന്തോഷവും ശാന്തിയും കളിയാടി. എന്നാൽ ചോറുണു നടത്തുന്ന ദിവസം തന്നെ ആ കുഞ്ഞ് മരിച്ചതോടെ പൂന്താനം തൻറെ ജീവിതം ഈശ്വരചിന്തകൾക്കായി മാറ്റിവെച്ചു. ഉണ്ണികൃഷ്ണൻ മനസ്സിൽ കളിക്കുമ്പോൾ മക്കളായി മറ്റുണ്ണികൾ വേണ്ടെന്നുപറഞ്ഞു തൻറെ സങ്കടം മറന്നു. ഭക്തിയും പിതൃഭാവവും അദ്ദേഹത്തിൻറെ കവിതയിൽ തെളിഞ്ഞു നിൽക്കുന്ന രണ്ടു ഭാവങ്ങളാണ് .**

.

**[PTO]**

**പൂന്താനത്തിൻറെ ഏറ്റവും പ്രസിദ്ധമായ കൃതിയാണ് ജ്ഞാനപ്പാന. ലളിതമായ ശൈലിയിലൂടെ ഭാരതീയ ജീവിത ചിന്ത കുറിക്കുകൊള്ളുന്ന രീതിയിൽ ആവിഷ്ക്കരിക്കുന്നു എന്നതാണ് ഈകൃതിയുടെ മേന്മ .**
**പൂന്താനംനമ്പൂതിരി രചിച്ച വളരെ പ്രസിദ്ധമായ മറ്റൊരു കൃതിയാണ് സന്താനഗോപാലം പാന. ഈ കൃതി നാലുഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു "**

**ചോദ്യങ്ങൾ-**

1. **പൂന്താനം നമ്പൂതിരി ജനിച്ചത് എവിടെ ? ജീവിതകാലം എന്ന് ?** **2**
2. **പൂന്താനത്തിൻറെ പ്രധാനകൃതികൾ ഏതെല്ലാം?** **1**
3. **ജ്ഞാനപ്പാനയുടെ മേന്മയെന്ത് ?** **1**
4. **പൂന്താനത്തിൻറെ കവിതകളിലെ രണ്ടു ഭാവങ്ങളേതെല്ലാം?** **1**

## B. കത്ത്

**നിങ്ങളുടെ സ്കൂൾ വാർഷിക ദിനത്തിൽ [ANNUAL DAY ] ജില്ലാകളക്ടറെ പ്രധാന അതിഥിയായി ക്ഷണിച്ചുകൊണ്ട് ഒരു കത്ത് എഴുതുക.** **5**

## C. ഏതെങ്കിലും ഒരു വിഷയത്തെപ്പറ്റി ഒരു ഖണ്ഡിക എഴുതുക. 4.

1. **പുസ്തക പാരായണം**
2. **നിങ്ങളുടെ വിദ്യാലയം**
3. **സലാലയിലെ പ്രകൃതിഭംഗി**

====================================+++========================================